# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 324** — **07.08.2017 — ൽ മറുപടിക്ക്**

## പുതിയ റേഷൻ കാർഡുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാർഡുകൾ പൂർണ്ണമായും എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് മൊത്തമുള്ള 80,18,030 കാർഡുകളിൽ 67,37,978 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 15.08.2017-ന് മുമ്പ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പുതുതായി വിതരണം ചെയ്ത കാർഡുകളിൽ വ്യാപകമായി തെറ്റുകൾ വന്നിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പുതുതായി വിതരണം ചെയ്ത കാർഡുകളിൽ തെറ്റുകൾ വന്നതായി ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ കാർഡ് വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് താലൂക്ക് സപ്ലൈ ആഫീസുകൾ വഴി തെറ്റുകൾ തിരുത്തി നൽകുന്നതാണ്. |
| (സി) | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുവാൻ അർഹരായ ഗുണഭോക്താക്കൾക്ക് കാർഡ് മാറ്റി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) | മുൻഗണനാ പട്ടികയിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനും, അനർഹരെ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഓരോ ജില്ലയിലും വിവിധ വിഭാഗങ്ങൾക്കായി പ്രത്യേകം ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ; ജനസംഖ്യാനുപാതികമായിട്ടാണോ ക്വാട്ട നിശ്ചയിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ? | (ഡി) | ഇല്ല. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന എ.എ.വൈ. കുടുംബങ്ങളിലെ അംഗങ്ങളും ചേർത്ത് 15,48,040 ഗുണഭോക്താക്കളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കേന്ദ്ര നിയമ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*